## നിയമവിരുദ്ധമായി റിട്രഞ്ച് ചെയ്ത തൊഴിലാളിക്ക് എട്ട് ലക്ഷം രൂപ നഷ്ടപരിഹാരം നല്കണം

## ഡൽഹി ഹൈക്കോടതി

L.P.A. No. 685/2019 Dt. 5.12.2019

മാൻ സിങ്

x

റിലയൻസ് ഇന്റഗ്രേറ്റഡ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്

2008–ലാണ് തൊഴിലാളി കമ്പനിയിൽ നിയമിതനായത്. അന്നു മുതൽ കേബിൾ ഓപ്പറേറ്റർ എന്ന തസ്തികയിലാണ് അയാൾ ജോലി ചെയ്തുവന്നത്. മൂന്ന് വർഷം കഴിഞ്ഞപ്പോൾ മേനേജ്മെന്റ് അയാളെ റിട്രഞ്ച് ചെയ്തു. റിട്രഞ്ച് ചെയ്യുന്നതിനു മുമ്പുള്ള ഒരു മാസത്തെ നോട്ടീസിനു പകരം ഒരു മാസത്തെ വേതനം മേനേജ്മെന്റ് തൊഴിലാളിക്ക് നല്കിയെങ്കിലും നഷ്ടപരിഹാരം നല്കിയില്ല. ഇതു സംബന്ധിച്ച് തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. നഷ്ടപരിഹാരം നല്കാതെ തൊഴിലാളിയെ റിട്രഞ്ച് ചെയ്തത് നിയമവിരുദ്ധമാണെന്ന് ലേബർ കോടതി പ്രഖ്യാപിച്ചു. എന്നാൽ തൊഴിലാളിയെ തിരിച്ചെടുക്കേണ്ടെന്നും നഷ്ടപരിഹാരമായി മൂന്ന് ലക്ഷം രൂപ നല്കിയാൽ മതിയെന്നുമാണ് ലേബർ കോടതി നിർദ്ദേശിച്ചത്. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. നിയമവിരുദ്ധമായി പിരിച്ചുവിട്ട തന്നെ തിരിച്ചെടുക്കാൻ നിർദ്ദേശിക്കുകയോ നഷ്ടപരിഹാര സംഖ്യ വർദ്ധിപ്പിക്കുകയോ ചെയ്യണമെന്ന് തൊഴിലാളി ആവശ്യപ്പെട്ടു. ലേബർ കോടതി വിധിച്ച നഷ്ടപരിഹാരം വളരെ തുച്ഛമാണെന്ന് നിരീക്ഷിച്ച സിംഗിൾ ബഞ്ച് മേനേജ്മെന്റ് തൊഴിലാളിക്ക് എട്ട് ലക്ഷം രൂപ നല്കണമെന്ന് ഉത്തരവിട്ടു. ഇതിൽ തൃപ്തനാകാതെ തൊഴിലാളി ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. തനിക്ക് വളരെയധികം കടബാധ്യതകളുണ്ടെന്നും കുടുംബത്തോടുള്ള ചില ചുമതലകൾ നിറവേറ്റാൻ കൂടുതൽ പണമാവശ്യമുണ്ടെന്നും താൻ ജോലിയിൽ തുടർന്നിരുന്നെങ്കിൽ ആ ബാധ്യതകളും ചുമതലകളും നിറവേറ്റാൻ തനിക്ക് സാധിക്കുമായിരുന്നുവെന്നും തൊഴിലാളി ബോധിപ്പിച്ചു. തൊഴിലാളിയുടെ സാമ്പത്തിക ബാധ്യതകൾക്കനുസരിച്ച് നഷ്ടപരിഹാരം വർദ്ധിപ്പിക്കാനാവില്ലെന്ന് ഡിവിഷൻ ബഞ്ച് ചൂണ്ടിക്കാട്ടി. തൊഴിലാളി ജോലിയിൽ തുടർന്നിരുന്നെങ്കിലും എട്ട് ലക്ഷം രൂപയിലധികം സമ്പാദിക്കാനാവുമായിരുന്നില്ലെന്ന് വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.